(ജനനപ്പെരുന്നാൾ രാത്രി 1-ാം കൗമ)

**(ഒന്നാം നിറം)**

മുറ്റുന്നീറ്റിൻ നോ-വെന്നിൽ യൗസേപ്പൊടു ചൊ-ന്നാ-ൾ
നീതിജ്ഞാ!ബേത്-ലഹേമിൽ ഗുഹയിൽ പോ-യീ-ടാം
ഇല്ലൊരു പായും-കട്ടിലുമീയു-ള്ളോൾ
ക്കീയുലകത്തിൽ-ഞാനാശ്രയഹീ-ന
ലോകപുരാതനനേ-ഗുഹയിൽ പ്രസവിച്ചയ്യ-യ്യോ
ജഗതീരക്ഷകനേ-ഞാൻപുൽക്കൂട്ടിൽപാലി-ക്കും
ഹാലേലുയ്യാ-ഉഹാലേലു-യ്യാ-
ഭാഗികമായ് ദൃഷ്ടാന്ത-ത്തിൽ നിബിയന്മാർ മൂ-ലം
പൂർവ്വിക താതരൊടായ് താ-തൻ പൂർവ്വം ഭാഷി-ച്ചു
നമ്മോടിന്നീ-യന്തിമകാല-ത്തിൽ
വത്സലതനയൻ-വഴിയായ് ഭാഷി-ച്ചു
അവകാശിയവൻ മൂ-ലംതാൻനിർമ്മിതമായ് ലോ-കം
ബേത്ലഹേം ഗുഹയിൽ ജാ-തംചെയ്തോനവന-ല്ലോ.
ഹാലേലുയ്യാ-ഉഹാലേ-ലു-യ്യാ.

(ജനനപ്പെരുന്നാൾ പ്രഭാതം)

**(ശുബഹോലൊക്മ്ശിഹൊ)**

1. താരകപോറസ്സിലെ-വിജ്ഞരെയറിയിച്ചു
കാഴ്ചകളവരേന്തി-ത്തിരുമഹിമയ്ക്കരുളീ
കുന്തിരുവും പൊന്നും മൂരും.

2. ഉടയോനേ! നിന്നെ-രാജജ്യേഷ്ഠന്മാർ
ഗർഹിത ബേത്‌ലഹേം-ഗുഹയിൽ പ്രണമിച്ചു
നിൻപ്രേക്ഷകനായി സ്തോത്രം.

3 ഗഗനത്തിൽ ശാന്തി-ക്ഷിതിതന്നിൽ ശാന്തി
പ്രീതിയടഞ്ഞുടയോൻ- ജനനാർത്ഥം വന്നാൻ
ആദാമിനെപ്പരിരക്ഷിപ്പാൻ.

4. ആദത്തിനുമെല്ലാ-ലോകത്തിനുമായി
ശാന്തിമഹാമോദം-സൽഗതിയിവയേന്തി
സംരക്ഷകവത്സൻ വന്നു

# വി. മാമ്മോദീസാ

## 66

(മാമ്മോദീസാ) (അബെദ് മോർ.)

കാ-ക്കുക നാ-ഥാ! സ്ലീ-ബായാൽ
ഉ-ണ്ണിക-ളെ സ്നാനാ-ർത്ഥികളെ.
ഈ-സ്നാന-ത്തെ-മുൻ-നിർത്തി
മുൻ-ചൊന്നാൻ-സ്ക്കറിയാ-തനയൻ
നൽ-കുന്നേൻ-നീരിൽ-സ്നാനം
വ-ന്നീടു-ന്നോനാ-ത്മാ-വിൽ.
നി-ന്നാൻ-വ-ന്നാറ്റിൻ-വക്കിൽ
യോ-ഹന്നാൻ-സ്ക്കറിയാ-തനയൻ



ആ-ഗതനായ്-മാമോ-ദീസാ-
യ്ക്കീ-റേർക്കും-മറവാം-ശക്തി.
സ്നാ-നത്തി-ന്നെത്തി-നാഥൻ
സാ-ക്ഷിപ്പാൻ-യോഹ-ന്നാനും
വ-ത്സലന-ന്ദനനാ-ണിവനെ-
ന്നാർ-ത്താൻ-വാ-നത്തിൽ-താതൻ.

## വി. വിവാഹം

### 69

(വിവാഹം - 1-ാം ശുശ്രൂഷ) **(മൂന്നാം നിറം)**(ഏനോനൊ നുഹറൊ)

പതിവ്രതയാം-പരിപാവന സഭയെ
വാനോ-ൻ കാന്തൻ-വേട്ടൊരു നേ-രം
ശീമോൻ യോ-ഹന്നാനെന്നിവരെ-
യാഹ്വാ-നം ചെ-യ്തേൽപ്പിച്ചേ-വം
    വീടിൻ-ഭരണം ശീ-മോ-നെ
    സുവിശേ-ഷം യോഹ-ന്നാനെ
    കൽപ്പി-ച്ചാൻ വിലയേ-റീ-ടും
ര-ക്ത-ത്താൽ ഞാൻ വാങ്ങിയൊരി-
സഭയെ-നിങ്ങൾ-സംരക്ഷി-പ്പിൻ.
മൂടുപടം-വടി മോതിരമിവയാൽ
താമാ-ർ വിജയം-സമ്പാദി-ച്ചു
പൊക്കണവും-കല്ലും-കവിണയുമായ്
വെന്നാ-ൻ ഗോല്യാ-ത്തിനെ ദാവീ-ദും
    താമാർ-ഉത്തമയാ-യ് മൂ-ന്നാൽ
    ദാവീ-ദുന്നതനാ-യ് മൂ-ന്നാൽ
    സംര-ക്ഷകനാം ത്രി-ത്വ-ത്തെ
വി-ശ്വാ-സിനി പാവനസഭയാൾ
സ്തുതിഗീ-തത്താൽ-കീർത്തിക്കു-ന്നു.
        വിശ്വസ്തേ-സഭയേ! ഭയമെന്തി-
        നുള്ളിൽ-ക്ലേശം-ലേശം വേ-ണ്ടാ



അപരനെ നീ-മോഹിക്കാത്തതിനാൽ
നിന്നെ-ഞാനും-കൈവെടികി-ല്ല.
        ലോക-ത്തിന്നവസാ-ന-ത്തിൽ
        പാരും-വാനും മഴി-ഞ്ഞാ-ലും
        വാഴും-നീയാപാ-ത്തെ-ന്ന്യേ
താ-താ-ത്മജ വിമലാത്മാവിൻ
ഗേഹം-പാർത്താ-ൽ നിൻ ത്രോണോ-സാം.

(വിവാഹം - 2-ാം ശുശ്രൂഷ) **(ഏഴാം നിറം)**

സുന്ദരികളിലതിസുന്ദരി നീ-ജാതികളിൽസൂനു!
നൃപതി ശലോമോൻ വിമലസഭേ!-നിന്നെ ലാളിപ്പൂ
നിന്നധരങ്ങൾ-മധു വർഷിക്കുന്നു.
വസന സുഗന്ധം-നീസാൻ കുസുമസമം
സഭയേ! സകലവിധം സുമുഖീ-നീ കറ തീണ്ടാത്തോൾ
സ്ലീബായെ വന്ദിപ്പതിനാൽ-രാജാവാം മ്ശിഹാ

---



ഹാലേലുയ്യാ-കാക്കുന്നു നിന്നെ.
സുന്ദരികളിലതിസുന്ദരി നീ-ജാതികളിൽ സൂനു!
ഉലകിതിലൊരുപോലൊളി വീശും-പകലോനൊത്തോൾ നീ
പുലരിയിലപ്പരമോന്നതനാം-ദൈവത്തെ വാഴ്ത്തും
മീവൽപ്പറവയൊടൊപ്പം താൻ-സഭ സംഗീതത്തിൽ
ദാവീദിന്റെ-കിന്നരവും പേറി
അവളീറയരോ-ടൊപ്പം പാടുന്നു
നൂറ്റമ്പതു കമ്പികളിയലും-തംബുരു വാദ്യത്താൽ
അവളുടയോനെ വാഴ്ത്തീടു-ന്നുലകങ്ങളിലെങ്ങും
ഹാലേലുയ്യാ-കൃപ വർഷിച്ചീടാൻ